# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -574     30.06.2016 ൽ മറുപടിയ്ക്ക്

### നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ടി.എ.റഹീം :** | **ശ്രീ.മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) നബാർഡ് സഹായത്തോടെ ടെണ്ടർ ചെയ്ത കുന്ദമംഗലം മണ്ഡലത്തിലെ നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കരാർ എടുക്കാൻ ആരും സന്നദ്ധമാവാത്തത് കാരണം നടപ്പിലാക്കാൻ കഴിയാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(ബി) എസ്റ്റിമേറ്റ് തുകയിൽ സിംഹഭാഗവും പൈപ്പ് വാങ്ങുന്നതിനായതിനാലാണ് കരാർ ഏറ്റെടുക്കാൻ ആരും മുമ്പോട്ട് വരാതിരുന്നതെന്നത് കണക്കിലെടുത്ത് പൈപ്പിനും സിവിൽ വർക്കിനും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ)&(ബി)<br><br>ഉണ്ട്. നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി പമ്പ് ഹൗസിന്റെ നിർമ്മാണവും പൈപ്പ് ലൈൻ പ്രവൃത്തിയും ഉൾപ്പെട്ടതാണ്. ഇവ രണ്ടും ഒരുമിച്ച് ചെയ്യെങ്കിൽ മാത്രമേ പ്രവൃത്തി കമ്മിഷൻ ചെയ്യാൻ സാധിക്കുകയുള്ളു. ആയതിനാൽ ഒരുമിച്ച് ടെണ്ടർ നല്കുന്നതാണ് ഗുണകരം.<br><br>ഭരണാനുമതി നല്കിയ എസ്റ്റിമേറ്റ് 2012 ഷെഡ്യൂൾ നിരക്കിലാണ്. കരാറുകാർ ആരും വരാതിരുന്നതിനാൽ എസ്റ്റിമേറ്റ് ഇപ്പോഴത്തെ നിരക്കിൽ പുന:ക്രമീകരിച്ച് വീണ്ടും ടെണ്ടർ ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**